DESPATCHED On..11.6.2020

14/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.932(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.5560/എസ്.ഐ.സി-ജി 5/2015)

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. എം.വി. ഉണ്ണികൃഷ്ണൻ,
മീത്തലവളപ്പിൽ വീട്, എടക്കാട് പി.ഒ.
കണ്ണൂർ - 670 663 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
മുഴപ്പിലങ്ങാട് വില്ലേജ് ഓഫീസ്, കണ്ണൂർ

2. അപ്പീൽ അധികാരി &
അഡീഷണൽ തഹസിൽദാർ,
താലൂക്ക് ഓഫീസ്, കണ്ണൂർ

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 13.02.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 05.03.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 11.03.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.03.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 04.04.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 13.04.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06.05.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 14.05.2015 |
| ഹിയറിംഗ് തീയതി & സ്ഥലം | 14.02.2020 & വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഒന്നാം എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായില്ല |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.വി. ഉണ്ണികൃഷ്ണൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതുമായിരുന്നു എന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയതു പ്രകാരം യാതൊരു മറുപടിയും ലഭിച്ചിട്ടില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ശ്രീ. മണലേരി ബാലന് ടാക്സ് രസീത് നൽകിയതു സംബന്ധിച്ച വിവരങ്ങളും മറ്റുമാണ്. ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി കളവാണെന്നും അപൂർണ്ണമാണെന്നും മറ്റുമാണ്. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ എന്താണെന്ന് എന്നതിൽ വ്യക്തതയില്ലെന്നു കാണുന്നു. അപ്രകാരം തന്നെ ടിയാന്റെ കൈവശഭൂമി റവന്യൂ റിക്കവറി നടപടികളുമായി ബന്ധപ്പെട്ട് ലേലം ചെയ്ത വിഷയത്തിൽ നിരവധി അപേക്ഷകളാണ് വിവരാവകാശ നിയമ പ്രകാരം ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ളത് എന്നു കാണുന്നു. ഏതെങ്കിലും വിവരം തേടുക എന്നതിലുപരി എതിർകക്ഷി ഓഫീസിന്റെ പ്രവർത്തനത്തിൽ തടസ്സം സൃഷ്ടിക്കുന്ന വിധത്തിലാണ് ഹർജിക്കാരൻ അപേക്ഷകളും മറ്റും സമർപ്പിച്ചിട്ടുള്ളതായി കാണുന്നത്. ആയത് വിവരാവകാശ നിയമത്തിന്റെ ദുരുപയോഗമാണെന്നതിൽ സംശയമില്ല. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ല എന്നു വിലയരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, ഫെബ്രുവരി 14- ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൺ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp